# സാഹിത്യവാരഫലം

1998/08/07 (സമകാലികമലയാളം)

എം. കൃഷ്ണൻ നായർ

Copyright © 2014-2020, J. Vijayamma. The electronic versions are released under the provisions of Creative Commons Attribution Non-Commercial Share Alike license for free download and usage. Sayahna Foundation, JWRA 34, Jagathy, Trivandrum, India 695014. URL: http://www.sayahna.org

# സാഹിത്യവാരഫലം

1998/08/07-ൽ സമകാലികമലയാളം വാരികയിൽ പ്രസിദ്ധീകരിച്ചത്.


മാസത്തിലൊരിക്കൽ മാത്രം വരുന്ന
പൂർണ്ണചന്ദ്രനെ പാഴാക്കുന്ന ആളിനെ
ഈശ്വരൻ രക്ഷിക്കട്ടെ.
ഈ പട്ടണം നശിക്കട്ടെ.
നീ എന്നോടൊപ്പം തീർച്ചയായുമുണ്ട്
എന്ന പോലെ ബുദ്ധിയില്ലാത്ത
ഈ പൂർണ്ണചന്ദ്രൻ പ്രസന്നമായി
പ്രശാന്തമായി പ്രകാശിക്കുന്നല്ലോ
...ഒരു രാപ്പാടിയുമുണ്ട്.
കഴിഞ്ഞനൂറ്റാണ്ടിലെ പുസ്തകങ്ങളിൽ
പറയുന്നതുപോലെ.
പക്ഷേ ഞാൻ അവനെ പറപ്പിച്ചു
കളഞ്ഞു. കിടങ്ങിന്റെ മറ്റേക്കരയിലേക്ക്.
അങ്ങു ദൂരത്തേയ്ക്ക്.
ഞാൻ ഇത്രയ്ക്ക് ഏകാകിയായിരിക്കുമ്പോൾ
അവൻ പാടുന്നതു തെറ്റല്ലേ?
ഞാൻ അഗ്നിശലഭങ്ങളെ ഒറ്റയ്ക്കു
വിട്ടുകളഞ്ഞു. (പാതയിൽ അവ ഒരുപാടുണ്ട്)
അവയുടെ പേരു നിന്റെ പേരു പോലെ
ആയതുകൊണ്ടല്ല. അവ അത്രയ്ക്കു
സൗമ്യമായ കൊച്ചു ജീവികളാണല്ലോ;
എല്ലാ അല്ലലുകളേയും അവ
ഇല്ലാതാക്കും.
ഏതെങ്കിലും ദിനത്തിൽ നമ്മൾക്കു
പിരിയണമെന്നുണ്ടെങ്കിൽ
ഏതെങ്കിലും ദിനത്തിൽ നമ്മൾക്കു
വിവാഹം കഴിക്കണമെന്നുണ്ടെങ്കിൽ
ആ ദിനം ജൂണിലായിരിക്കട്ടെ എന്നാണു
എന്റെ വിചാരം.
ചുറ്റും അഗ്നിശലഭങ്ങളോടെ.
നീയില്ലാത്ത ഈ സായാഹ്നം പോലെ.


പ്രീമോ ലേവി

1946 ജൂൺ 28-ാം തീയതി. മഹാനായ ഇറ്റാല്യൻ സാഹിത്യകാരൻ പ്രീമോ ലേവി (Primo Levi 1919–1987) എഴുതിയ Avigilana എന്ന കവിതയുടെ ദുർബ്ബലമായ ഭാഷാന്തരീകരണമാണിത്. ലേവീയുടെ ഭാര്യയുടെ പേരു Lucia എന്ന്. ഇറ്റലിയിലെ ഭാഷയിൽ അഗ്നിഅലഭങ്ങളെ lucciole എന്നു പറയുന്നു. അതിനാലാണ് സഹധർമ്മിണിയുടെ പേരും അഗ്നിശലഭങ്ങളുടെ പേരും സദൃശങ്ങളാണെന്നു കവി എഴുതിയത്.

(കാവ്യത്തിന്റെ ശീർഷകത്തിന്റെ (Avigiliana) അർത്ഥം എനിക്കറിഞ്ഞുകൂടാ. തെക്കേ ഇറ്റലിയിൽ ആവ്യിയാനോ (Avigliano) എന്നൊരു ചെറിയ ഭരണഘടകമുണ്ട്; അതാകാമിത്. അഭ്യൂഹം മാത്രം.)


ഈ പ്രേമകാവ്യത്തിന്റെ അന്യാദൃശസ്വഭാവം വായനക്കാർ കണ്ടിരിക്കുമെന്നാണ് എന്റെ വിചാരം. ആയതവിലോചനങ്ങളെയും മധുരമന്ദഹാസത്തെയും നുണക്കുഴികളെയും വൈരസ്യദായകമായി വീണ്ടും വീണ്ടും പറഞ്ഞ് അനാഗതശ്മശ്രുക്കളെ രസിപ്പിക്കാനുള്ള യത്നമല്ല ലേവിയുടേത്. പ്രേമഭാജനമില്ലാത്തതുകൊണ്ടുള്ള കവിയുടെ ഏകാകിത. പൂർണ്ണചന്ദ്രൻ ഉളവാക്കുന്ന വിയോഗദുഃഖം. രാപ്പാടിയുടെ ഗാനം ജനിപ്പിക്കുന്ന അസഹനീയത. അഗ്നിശലഭത്തോടു പേരിലും തേജസ്സിലും സാദൃശ്യം ആവഹിക്കുന്ന സഹധർമ്മിണിയുടെ സൗന്ദര്യാതിശയം, ഇവയൊക്കെ കവി എത്ര ഭാവനാസമ്പന്നതയോടെ അഭിവ്യഞ്ജിപ്പിക്കുന്നുവെന്നു നോക്കുക. അതിഭാവുകത്വമില്ലാത്ത അന്തസാർന്ന പ്രേമകാവ്യമാണിത്. ഇതെഴുതിയ കവി നോവലിസ്റ്റാണ്. കഥാകൃത്താണ്: ലൂയിജി പീറാന്തെല്ലോ (Luigi Pirandello 1867–1936. ഇറ്റാല്യൻ സാഹിത്യകാരൻ) ഈതാലോ കാൽവിനോ (Italo Calvino 1923–1987. ഇറ്റാല്യൻ സാഹിത്യകാരൻ) ഇവരുടെ സ്വാധീനതയിലമർന്ന മൗലിക പ്രതിഭയുള്ള വ്യക്തിയാണ്. ഫാസ്റ്റിസ്റ്റ് വിരുദ്ധനായ അദ്ദേഹത്തെ അറസ്റ്റ് ചെയ്തു ജർമ്മൻ തടങ്കൽപ്പാളയമായ ഔഷ്വിറ്റ്സിലേക്കു (Auschwitz) അയച്ചു സർക്കാർ. സോവിയറ്റ് സൈന്യം 1945-ൽ തടങ്കൽപ്പാളയത്തിലുള്ളവരെ മോചിപ്പിച്ചപ്പോൾ അദ്ദേഹം ജന്മദേശത്തേക്കു പോന്നു. 'നിന്റെ സഹോദരന്റെ രക്തം നിലത്തുനിന്ന് നിലവിളിച്ചുകൊണ്ടു ഉയരുന്നു' എന്ന ചൊല്ലിനെ സാർത്ഥകമാക്കുമാറ് 'The Drowned and the Saved' എന്ന




ആത്മഹനനപരമായ ഗ്രന്ഥം 1986-ൽ പ്രസിദ്ധപ്പെടുത്തിയതിനു ശേഷം 1987-ൽ അദ്ദേഹം 'സ്റ്റെയർ വെല്ലി'ലേക്കു ചാടി ജീവനൊടുക്കി. "Suicide is an act of man and not of the animal. It is a meditated act, a noninstinctive, unnatural choice" എന്ന് അദ്ദേഹമെഴുതി. വേറൊരു മഹാനായ ഇറ്റാല്യൻ സാഹിത്യകാരൻ ചേസാറേ പാവേസ്സേ (Cesare Pavese 1908–1950 ആത്മഹത്യ ചെയ്തു. 1950 ഓഗസ്റ്റ് 27 തീയതി). 'ഏകാകിത വേദനയാണ്, സ്നേഹിക്കൽ വേദനയാണ്, സമ്പാദിക്കൽ വേദനയാണ്, ജനക്കൂട്ടത്തോടു ചേരുന്നത് വേദനയാണ്. എല്ലാ വേദനകളെയും മരണം ഇല്ലാതാക്കുന്നു' എന്നു പറഞ്ഞത് ഞാൻ ഇപ്പോഴും ഓർമ്മിക്കുന്നു.


ചേസാറേ പാവേസ്സേ

'Some Applications of the Mimer' എന്ന പേരിൽ ലേവി എഴുതിയ വിചിത്രമായ ഒരു ചെറുകഥയുണ്ട്. അചേതനവസ്തുക്കളെ പീഡിപ്പിക്കാൻ ഗിൽബർട്ടോക്ക് എന്തെന്നില്ലാത്ത കൗതുകമാണ്. അയാൾ കുടിക്കില്ല. പുക വലിക്കില്ല. വസ്തുക്കളെ ഇരട്ടിപ്പിക്കാൻ കഴിയുന്ന ഒരുപകരണമുണ്ട് അയാളുടെ കൈയിൽ. ഒരു ദിവസം അയാൾ ടെലിഫോണിലൂടെ കഥ പറയുന്നയാളിനെ അറിയിച്ചു: "ഞാൻ എന്റെ ഭാര്യയെ ഇരട്ടിപ്പിച്ചിരിക്കുന്നു". ഗിൽബർട്ടോ ഈ ശതാബ്ദത്തിന്റെ സന്തതിയാണ്. അതേ നമ്മുടെ ശതാബ്ദത്തിന്റെ പ്രതീകം തന്നെ. ഉറങ്ങിക്കിടക്കുന്ന ഭാര്യയെ അയാൾ ഉപകരണത്തിന്റെ വീപ്പയിലെടുത്തു കിടത്തി. രണ്ടാമത്തെ ഭാര്യയെ നിർമ്മിച്ചു. ആദ്യത്തെ ഭാര്യ—എമ്മാ (ഇംഗ്ലീഷിൽ എമ എന്നും ഇറ്റാല്യനിൽ എമ്മാ എന്നു ഉച്ചാരണം—ലേഖകൻ) ഉണർന്നതേയില്ല. ഐശ്വര്യവും മാനുഷികവുമായ നിയമങ്ങളെ ലംഘിച്ച് ഗിൽബർട്ടോ എന്തിന് ഒരു ഭാര്യയെക്കൂടി നിർമ്മിച്ചു? ഭാര്യയോട് തനിക്ക് സ്നേഹാധിക്യമുള്ളതിനാൾ അവളെപ്പോലെ ഒരുത്തികൂടി ഉണ്ടായിരുന്നെങ്കിൽ നന്നെന്ന വിചാരമാണ് ആ ഇരട്ടിപ്പിക്കലിനു പ്രേരകമായതെന്ന് അയാൾ കഥ പറയുന്ന ആളിനെ അറിയിച്ചു. സ്വാഭാവികമായ നിദ്രയായിരുന്നില്ല എമ്മായുടേത്. ഗിൽബർട്ടോ അവൾക്ക് ഉറക്കമരുന്ന് കൊടുത്തിരുന്നു.


ലൂയിജി പീറാന്തെല്ലോ

ഒന്നരമാസം കഴിഞ്ഞ് കഥ പറയുന്നയാൾ രണ്ടു എമ്മാകളെയും നേരിട്ടുകണ്ടു. രണ്ടുപേരും ഒരേ രീതിയിൽ വസ്ത്രധാരണം. മുഖം, പല്ല്, തലമുടി, നെറ്റിയിലെ തഴമ്പ് ഇവയ്ക്കൊന്നും വ്യത്യാസമേയില്ല, കൃത്രിമമായി നിർമ്മിച്ച എമ്മായെ തിരിച്ചറിയുന്നതിനു വേണ്ടി അവളുടെ തലമുടിയിൽ വെളുത്ത നാട ധരിപ്പിച്ചിരുന്നു, ഗിൽബർട്ടോ. പുതിയ എമ്മാ ഇരുപത്തിയെട്ടുവയസ്സോടുകൂടിയാണ് ഈ ഭൂമിയിൽ വന്നത്. അവൾക്ക് ആദ്യത്തെ എമ്മായുടെ എല്ലാ മാനസികസവിശേഷതകളും ഉണ്ടായിരുന്നു. മാത്രമല്ല, ആദ്യകാലയളവിലെ മധുവിധുയാത്ര, കൂടെപ്പഠിച്ചവർ ഇതെല്ലാം വ്യാജ എമ്മാ ഓർമ്മിക്കുന്നുണ്ട്. മാസങ്ങൾ കഴിഞ്ഞു. ഭാര്യമാർ ക്രമേണ വിഭിന്ന സ്വഭാവമുള്ളവരായി. ഗിൽബർട്ടോക്ക് രണ്ടാമത്തെ എമ്മായോട് സ്നേഹം കൂടി. ആദ്യത്തെ എമ്മായ്ക്ക് അമ്പരപ്പം. അങ്ങനെയിരിക്കെ കഥ പറയുന്നയാൾ ടെലിഫോണിലൂടെ ഇങ്ങനെ കേട്ടു: നോക്കു ഞാൻ എന്നെക്കുറിച്ചല്ല സംസാരിക്കുന്നത്. ഗിൽബർട്ടോ ഒന്നാമനെപ്പറ്റിയാണ് ഞാൻ സംസാരിക്കുന്നത്. ഞൻ കഴിഞ്ഞ ഞായറാഴ്ചയാണ് ഉണ്ടായത്. കാര്യം വ്യക്തം. ഗിൽബർട്ടോ തന്നെ ഇരട്ടിപ്പിച്ചിരിക്കുന്നു. ശാസ്ത്രകാരന്മാർ ഈശ്വരന്റെ ജോലി ചെയ്യാൻ തുടങ്ങിയാൽ ഏതു തരത്തിലുള്ള ആപത്തുകളുണ്ടാവുമെന്ന് മുന്നറിയിപ്പ് നൽകുകയാണ് ലേവി. വർഷങ്ങൾക്കുശേഷമുണ്ടായ 'ക്ലോണിങ്ങി'നെ ക്രാന്തദർശിതയോടെ ആവിഷ്കരിക്കുകയാണ് ലേവി ഈ ചെറുകഥയിൽ.

ഫ്രഞ്ച് സമൂഹശാസ്ത്രജ്ഞനും സംസ്കാര നിരൂപകനുമായ ഷാങ് ബോദ്രിയാറിന്റെ (Jean Baudrillard, born 1929) ഒരു പ്രബന്ധത്തിൽ ഇതിനു സദൃശമല്ലെങ്കിലും ഏതാണ്ട് സദൃശമായ ഒരാശയം ഞാൻ കാണുകയുണ്ടായി. അതിന്റെ വിശദീകരണത്തിന് ലണ്ടനിലെ ബിർക്ക്ബെക്ക് കോളേജിലെ സ്റ്റീവൻ കൊണോറിനെ ഞാൻ ആശ്രയിക്കുന്നു. അനുകരണം (imitation) ഛദ്മാനുകരണം (simulation) ഇങ്ങനെ രണ്ടു പ്രക്രിയകളെക്കുറിച്ച് ബോദ്രിയാർ പറയുന്നുണ്ട്. ഒരു രോഗത്തെ അനുകരിച്ചാൽ ചതി കണ്ടുപിടിക്കാൻ പ്രയാസമുണ്ടെങ്കിലും സത്യവും അസത്യവും അതിൽ അന്തർഭവിച്ചിട്ടുണ്ടെന്നു മനസ്സിലാക്കാം. പക്ഷേ ആ രോഗത്തിന്റെ ഛദ്മപ്രക്രിയ നടത്തുമ്പോൾ (simulation) രോഗത്തിന്റെ ലക്ഷണങ്ങൾ യഥാർത്ഥമായിത്തന്നെ ആ വ്യക്തി കാണിച്ചെന്നുവരും. ഛദ്മപ്രക്രിയയിൽ—വ്യാജപ്രവൃത്തിയിൽ—സത്യവും അസത്യവുമുണ്ട്. (രോഗത്തെ വ്യാജമായി അനുകരിക്കുമ്പോൾ യഥാർത്ഥമായ ചില ലക്ഷണങ്ങൾ ഉണ്ടാകുന്നതിനാൽ സത്യത്തിന്റെ അംശം) അതുകൊണ്ട് രക്തമൊഴുക്കിയ ഗൾഫ് യുദ്ധം ഉണ്ടായില്ല എന്നാണ് ബോദ്രിയാറിന്റെ അഭിപ്രായം. മറ്റയുദ്ധങ്ങളെപ്പോലെ ഉണ്ടായതല്ല ഗൾഫ് യുദ്ധം. അത് മാദ്ധ്യമങ്ങൾ (media) സംവിധാനം ചെയ്തു, നിർവഹിച്ച ദൃശ്യം (spectacle) മാത്രമായിരുന്നു. അത് പ്രാചീനമായ അർത്ഥത്തിൽ യുദ്ധമായിരുന്നില്ല. പിന്നെയോ? വ്യാജപ്രക്രിയ മാത്രം. നമ്മുടെ കാലയളവ് വ്യാജപ്രക്രിയകളുടേതാണ്. സത്യത്തെക്കുറിച്ചുള്ള ബോധം നമുക്കു നഷ്ടപ്പെട്ടുവെന്ന് പറയുകയാവാം ബോദ്രിയാർ. 1981-ൽ അദ്ദേഹമിതു പറയുന്നതിന് എത്രയോ വർഷം മുൻപ് ലേവി ഏതാണ്ടിതേ ആശയം ആവിഷ്കരിച്ചു എന്നതു വിസ്മയദായകമായിരിക്കുന്നു.


ഷാങ് ബോദ്രിയാർ

തിയഡോർ റെറ്റ്കി (Theodore Roetheke) എന്ന കവി പറയുന്നു:

> The stethoscope tells what everyone fears
> You're likely to go on living for years


തിയഡോർ റെറ്റ്കി

(ഓരോ ആളും പേടിക്കുന്നതു സ്റ്റെതസ്കോപ് പറയുന്നു, വർഷങ്ങളോളം നിങ്ങൾ ജീവിച്ചിരിക്കാൻ സാധ്യതയുണ്ടെന്ന്) എബ്രഹാം മാത്യു എന്ന പേര് വാരികയിൽ അച്ചടിച്ചുകണ്ടാൽ എനിക്കു പേടിയാണ്. ആ നാമധേയത്തിന്റെ താഴെവരുന്ന ചെറുകഥ എന്റെ ദയനീയമായ ജീവിതത്തിന്റെ ദയനീയത വളരെക്കൂട്ടുമെന്ന് എനിക്കു ഭയം. മാധ്യമം വാരികയിൽ അദ്ദേഹത്തിന്റെ പേരുകണ്ടു പേടിച്ചു. ഞെട്ടി. 'ചുവപ്പിന്റെ നിറം' എന്ന കഥ ആ വികാരങ്ങളോടെ വായിച്ചു. വായിച്ചുകഴിഞ്ഞപ്പോൾ പേടി കൂടി; ഞെട്ടൽ കൂടി. ഇമ്മാതിരിക്കഥകൾ പതിവായി വായിച്ചാൽ നമ്മൾ സാഹിത്യത്തെ വെറുക്കും. കഥ ദുർഗ്രഹമായിക്കൊള്ളട്ടെ. അർത്ഥരാഹിത്യത്തിലേക്കു ചെല്ലട്ടെ, 'സ്റ്റുപിഡിറ്റി'യോളം എത്തട്ടെ. പക്ഷേ അതു വായനക്കാരെ കൊല്ലരുത്. അന്തരിച്ച മീഡിയോക്കർ (ഇടത്തരം) എഴുത്തുകാരൻ പി കേശവദേവ് എബ്രഹാം മാത്യു കഥയെഴുതുമെന്ന് മുൻകൂട്ടികണ്ട് പണ്ടേ പറഞ്ഞു: 'കൊല്ലരുതനിയാ കൊല്ലരുത്'.

## ചോദ്യം, ഉത്തരം

**ചോദ്യം:** എന്റെ മനസ്സ് നിരാശകൊണ്ട് മൂകം. ഏതുപോലെ?

**ഉത്തരം:** മാവിന്റെ കൊമ്പിലിരുന്ന് രാത്രിയിൽ പാടുന്ന കുയിൽ പൊടുന്നനെ പാട്ടുനിറുത്തുമ്പോൾ പരക്കുന്ന നിശ്ശബ്ദതപോലെ. (നിരാശൻ = ആശയറ്റവൻ; നിരാശ = ആശയറ്റവൾ. അവരുടെ ഭാവം നിരാശത).

**ചോദ്യം:** എനിക്കു പുസ്തകങ്ങൾ റെവ്യൂ ചെയ്താൽ കൊള്ളാമെന്നുണ്ട്. പത്രാധിപരോട് താങ്കളൊന്ന് ശുപാർശചെയ്യുമോ?

**ഉത്തരം:** പാലക്കാട്ടുകാരനാണോ താങ്കൾ. മലയാള ഭാഷയിലെ എല്ലാ അക്ഷരങ്ങളും വായിക്കാനും എഴുതാനുമറിയാമോ? അറിഞ്ഞുകൂടെങ്കിൽ ഞാൻ പത്രാധിപരോട് അഭ്യർത്ഥിച്ച് പുസ്തകങ്ങൾ താങ്കളെക്കൊണ്ട് റെവ്യൂ ചെയ്യിപ്പിക്കാം. അതല്ല അക്ഷരങ്ങൾ അറിയാമെങ്കിൽ ഞാൻ വിചാരിച്ചാൽ ഒരു 'രക്ഷയുമില്ല'.

**ചോദ്യം:** ഏതു ഫ്രഞ്ചെഴുത്തുകാരനെയാണ് നിങ്ങൾക്കിഷ്ടം?

**ഉത്തരം:** സാങ്തേഗ്സ്സപേരി (Saint Exupery). അദ്ദേഹത്തിന്റെ പുസ്തകങ്ങൾ വായിച്ചിട്ടില്ലെങ്കിൽ അതു വലിയ നഷ്ടമായിത്തീരും.

## അദ്ഭുതാംശം


> വൈക്കം മുഹമ്മദ് ബഷീറിന്റെ 'പൂവമ്പഴം', ഉറൂബിന്റെ 'വാടകവീടുകൾ' ഈ കഥകളുടെ പര്യവസാനത്തെക്കുറിച്ച് വായനക്കാരന് ഒരഭ്യൂഹവും നടത്താൻ കഴിയുകയില്ല. കഴിയുകയില്ല എന്നതിലാണ് കലാത്മകതയിരിക്കുന്നത്.

റഷ്യൻ സാഹിത്യകാരൻ ഗാർഷിന്റെ (Vsevolod Garshin 1855–1888) 'The Signal' എന്ന ചെറുകഥ വിശ്വവിഖ്യാതമാണ്. റെയിൽവേ ജോലിക്കാരനായ വസ്യെൽയി (Vasily) വിപ്ലവകാരിയാണ്. അയാളുടെ കൂട്ടുകാരനായ സിംയോൻ (Semyon) നിയമങ്ങളനുസരിച്ച് ജീവിക്കുന്നവനും. സർക്കാരിനോടു പിണങ്ങി വസ്യെൽയി തീവണ്ടിവരാറായ സമയത്തു പാളമിളക്കിയിട്ടിട്ടു കാട്ടിലേക്കോടി. പാളം തിരിച്ചു ചേർക്കാനുള്ള കൂട്ടുകാരന്റെ അപേക്ഷയൊന്നും വസ്യെൽയി വകവെച്ചില്ല. തീവണ്ടി വരുന്നു. ഒരു ചുവന്ന കൊടി വേണം സിംയോഗിന്. മറ്റുമാർഗ്ഗമില്ലാതെ അയാൾ പേനക്കത്തി കൈയിൽ കുത്തിയിറക്കി ചോര ചാടിച്ച് കൈലേസ് അതിൽമുക്കി ഒരു മുളന്തണ്ടിൽ കെട്ടി രണ്ടുപാളത്തിനിടയിൽ ആ രക്തപതാക ഉയർത്തിപ്പിടിച്ചുകൊണ്ടുനിന്നു. എഞ്ചിൻ ഡ്രൈവർ അതുകണ്ടു. അയാൾ തീവണ്ടി നിറുത്തുന്നതിനുമുൻപ് സിംയോഗിന്റെ തലകറങ്ങി താഴെ വീഴാൻപോയി. പക്ഷേ ഒരദൃശ്യകരം ആ കൊടി അയാളുടെ കൈയിൽനിന്നുവാങ്ങി. അത് ഉയർത്തിപ്പിടിച്ച് കൊണ്ട് അയാൾ നിന്നു. തീവണ്ടി നിന്നപ്പോൾ ചുവന്ന കൊടിയേന്തിയ വസ്യെൽയി പറഞ്ഞു: 'എന്നെ അറസ്റ്റ് ചെയ്യൂ. ഞാനാണ് പാളമിളക്കിയത്'. (കഥ ഓർമ്മയിൽനിന്നും എഴുതുന്നത്). 'The Signal' എന്ന ഇക്കഥയുടെ പര്യവസാനം കണ്ട് വായനക്കാർക്ക് അദ്ഭുതപ്രതീതിയുണ്ടാകുന്നു. ചെറുകഥയുടെ അവസാനത്തോളമെത്തുന്ന വായനക്കാരനും അതിന്റെ സമാപ്തി ഇത്തരത്തിലാകുമെന്ന് സംശയിക്കുക പോലുമില്ല. ആ സംശയമില്ലായ്മയാണ് വിസ്മയ പ്രതീതിക്കു ഹേതു. വൈക്കം മുഹമ്മദ് ബഷീറിന്റെ 'പൂവമ്പഴം', ഉറൂബിന്റെ 'വാടകവീടുകൾ' ഈ കഥകളുടെ പര്യവസാനത്തെക്കുറിച്ച് വായനക്കാരന് ഒരഭ്യൂഹവും നടത്താൻ കഴിയുകയില്ല. കഴിയുകയില്ല എന്നതിലാണ് കലാത്മകതയിരിക്കുന്നത്. മുകളിൽ ഞാൻ സംക്ഷേപിച്ചെഴുതിയ ഇറ്റാല്യൻ കഥയുടെ പര്യവസാനവും ആ വിധത്തിലാകമെന്ന് ഒരു വായനക്കാരനും ഊഹിക്കാനാവുകയില്ല. ഗിൽബർട്ടോ തന്നെ ഇരട്ടിപ്പിച്ചിരിക്കുന്നു എന്നു കേൾക്കുമ്പോൾ നമ്മുടെ ഭാവനയിൽ ഒരഗ്നികിരണം വന്നുവീഴുന്നു. നമ്മൾ അതോടെ ആശ്ചര്യത്തിന്റെ അഗാധഹ്രദത്തിൽ ചെന്നുവീഴുന്നു. ജീവിതം ഓരോ നിമിഷത്തിലും അദ്ഭുതദായകങ്ങളായ സംഭവങ്ങൾ നൽകുന്നതുകൊണ്ട് കഥകളും അമ്മട്ടിലാവണമെന്ന് നോബൽ ലാറിയിസ്റ്റായ ബാഷേവിസ് സിങ്ങർ പറഞ്ഞതും ഇപ്പോൾ ഞാൻ ഓർമ്മിക്കുന്നു. ഈ സാരസ്വതരഹസ്യം മലയാളം വാരികയിൽ 'കാതിലോല' എന്ന കഥയെഴുതിയ ശ്രീ. ബി. മുരളിക്ക് അറിഞ്ഞുകൂടാ. കാഞ്ചനമാലയും അനസൂയയും കൂട്ടുകാർ. അനസൂയ പ്രേമബന്ധത്തിൽ പെട്ടവരെ വിവാഹബന്ധത്തിൽ കൊണ്ടുചെല്ലാൻ യത്നിക്കുന്നവളാണ്. നിഷാദൻ കാഞ്ചനമാലയുടെ കാമുകനായി എത്തി. അവരെ വിവാഹം വരെ കൊണ്ടുചെല്ലാൻ ശ്രമിക്കുന്ന അനസൂയയുടെ നേർക്ക് കാമാസ്ത്രം അയയ്ക്കുന്നു നിഷാദൻ. കഥയിൽ നിഷാദൻ പ്രവേശിച്ചയുടനെത്തന്നെ എനിക്ക് ഊഹിക്കാൻ കഴിഞ്ഞു അയാൾ കാഞ്ചനമാലയെ നിരാകരിച്ച് അനസൂയയെ പ്രേമിക്കുമെന്നും അതോടെ കഥ പര്യവസാനത്തിലെത്തുമെന്നും. എന്റെ അഭ്യൂഹത്തിനൊത്ത് കഥ അവസാനിച്ചതുകൊണ്ട് എനിക്കൊരു വിസ്മയപ്രതീതിയും ഉളവായില്ല. പച്ചവെള്ളംകുടിച്ച തോന്നൽ മാത്രം. കഥ പറയുന്ന രീതിക്ക് വിഭിന്നതയുണ്ട്. നന്ന്. പക്ഷേ കോളേജ് മാഗസിനുകളിൽ മനസ്സിന് പരിപാകമില്ലാത്ത വിദ്യാർത്ഥികൾ എഴുതുന്ന കഥകൾക്കുപോലും മുരളിയുടെ കഥയെക്കാൾ കലാമൂല്യമുണ്ട്.

## ഗുരുനിന്ദ

അന്ധകാരം ഇഴഞ്ഞിഴഞ്ഞ് എത്തുകയാണ്. കുറച്ചുകഴിഞ്ഞാൽ കൊടും തിമിരം എന്നെ പൊതിയും. ഏതുപോലെയാണ് ഇരുട്ടിന്റെ ആക്രമണം, അതു ഞാൻ ഈ ഖണ്ഡികയുടെ പര്യവസാനത്തിൽ പറയാം.

എഴുതാൻ പോകുന്ന സംഭവം ഒരിക്കലെഴുതിയതാണ്. സന്ദർഭത്തിന്റെ അർത്ഥനകൾക്ക് അനുരൂപമായി അതു വീണ്ടും എഴുതേണ്ടിയിരിക്കുന്നു. പ്രിയപ്പെട്ട വായനക്കാർ സദയം ക്ഷമിക്കണം. തിരുവനന്തപുരത്തെ യൂണിവേഴ്സിറ്റി കോളേജിൽ ഞാൻ അധ്യാപകനായിരിക്കുമ്പോൾ ഒരു ക്രിസ്തുശിഷ്യൻ എന്റെ ക്ലാസ്സിലുണ്ടായിരുന്നു. കവിത, ലേഖനം ഇവയൊക്കെ അദ്ദേഹം എഴുതിക്കൊണ്ടുവരും. ഞാൻ അവ തിരുത്തിക്കൊടുക്കും. നിർദ്ദേശങ്ങൾ നൽകും. ശിഷ്യൻ പരീക്ഷയിൽ ജയിച്ച് എവിടെയോ പോയി. അങ്ങനെയിരിക്കെ എനിക്കൊരു എഴുത്തുവന്നു. തുറന്നുനോക്കിയപ്പോൾ ക്രിസ്തുശിഷ്യന്റെ കത്താണെന്നുമനസ്സിലായി. സന്തോഷത്തോടെ വായിച്ചുതീർത്തിട്ടാണ് ഞാൻ കത്തിന്റെ മുകളിലുള്ള സംബുദ്ധിയിലേക്ക് അറിയാതെ നോക്കിപ്പോയത്. Dear Krishnan Nair എന്ന് ആ പൂർവശിഷ്യൻ എഴുതിയിരിക്കുന്നു. അതുകണ്ട് എനിക്കു ദുഃഖം തോന്നി. മൂന്നുവർഷം പഠിപ്പിച്ച് ഞാൻ കണ്ണുതെളിയിച്ചുവിട്ട ക്രിസ്തുശിഷ്യൻ ഗുരുനാഥനായ എന്നെ പേരുപറഞ്ഞു വിളിക്കുന്നു. ക്രിസ്തുദേവൻ ആ മനുഷ്യനു ശിക്ഷകൊടുത്തുകൊള്ളുമെന്ന് വിചാരിച്ച് ഞാൻ ദുഃഖമകറ്റി. വർഷങ്ങൾ കഴിഞ്ഞു. ഒരു ദിവസം സന്ധ്യയോടടുത്തപ്പോൾ അദ്ദേഹം എന്റെ വീട്ടിലെത്തി. അതിഥി ഈശ്വരതുല്യനാണല്ലോ. ഞാൻ അദ്ദേഹത്തെ സത്കരിച്ചു. ആ ക്രൈസ്തവ പുരോഹിതൻ പറഞ്ഞു: 'ഒരാവശ്യവുമായിട്ടാണ് ഞാൻ വന്നത്. തായാട്ടുശങ്കരൻ വിവേകാനന്ദനെ ആക്ഷേപിച്ചെഴുതിയ ലേഖനം എനിക്കു പഠിപ്പിക്കാനുണ്ട്. അതിന്റെ കൊള്ളരുതായ്മ ഒന്നു കോളത്തിലൂടെ വ്യക്തമാക്കണം'. വിവേകാനന്ദനെ ആക്ഷേപിച്ചു എന്നുകേട്ടാൽ എന്റെ ചോര തിളയ്ക്കുമെന്നാണ് അദ്ദേഹം കരുതിയത്. ഞാൻ ഹിന്ദുമതത്തിൽ പെട്ടവനാണെങ്കിലും ഹിന്ദുത്വത്തിന്റെ പേരിൽ ഒരാവേശവും എനിക്കുണ്ടാകില്ല. ഞാൻ മിണ്ടാതിരുന്നു. അപ്പോൾ ആഗതൻ തുടർന്നു പറഞ്ഞു: 'അവൻ എന്നെ പഠിപ്പിച്ചിട്ടുണ്ട്. എങ്കിലും എനിക്കെഴുതാൻ മടിയില്ല. പക്ഷേ ഞാനെഴുതുന്നത് അച്ചടിച്ചുവന്നില്ലെങ്കിലോ എന്നു സംശയം'. അവൻ എന്നു പുരോഹിതനും അധ്യാപകനുമായ ആ മനുഷ്യൻ പറഞ്ഞത് എന്റെ മിത്രവും അഭിവന്ദ്യനുമായ തായാട്ടുശങ്കരനെക്കുറിച്ചാണെന്ന് മനസ്സിലാക്കി ഞാൻ അക്ഷരാർത്ഥത്തിൽ ഞെട്ടി. എന്നെ ആ മനുഷ്യൻ പേരു പറഞ്ഞു വിളിച്ചത് ഈ ഗുരുനിന്ദയോടു തട്ടിച്ചുനോക്കുമ്പോൾ എത്ര നിസ്സാരം!



ഈതാലോ കാൽവിനോ

ദേശാഭിമാനി വാരികയിൽ ശ്രീ. റസാക്ക് കുറ്റിക്കകം എഴുതിയ 'അബ്ദുള്ള മാസ്റ്ററുടെ കുട്ടികൾ' എന്ന ചെറുകഥയിൽ ഗുരുനാഥനോട് ശിഷ്യന്മാർ കാണിക്കുന്ന അനാദരത്തെ അഭിവ്യഞ്ജിപ്പിച്ചിട്ടുണ്ട്. പഠിപ്പിക്കുക മാത്രമല്ല പാഠപുസ്തകങ്ങൾ വാങ്ങിക്കൊടുക്കുകയും കുട പോലും മേടിച്ചുനൽകുകയും ചെയ്യുന്ന ഗുരുനാഥനോട് ഒരു ശിഷ്യൻ നന്ദികേടുകാണിക്കുന്നതിനെ ധ്വനിപ്പിക്കുന്ന ഇക്കഥ പ്രതിപാദ്യവിഷയവ്യത്യസ്തതയാൽ എനിക്കു കൗതുകമുളവാക്കി. അന്ധകാരത്തിന്റെ സാന്ദ്രത വർദ്ധിച്ചുവരുന്നു. ഗുരുനിന്ദയുടെ തമസ്സാണോ ഇങ്ങനെ കൂടിക്കൂടി വരുന്നത്? ആയിരിക്കും.

## കേരളമണ്ണിന്റെ മണമില്ലാതെ

സ്വിസ് സാഹിത്യകാരൻ ഡൂറൻമാറ്റിന്റെ (Durrentmatt 1921–1990) The Tunnel (തുരംഗം) എന്ന ചെറുകഥ വായിച്ചിട്ടില്ലാത്തവർ സാഹിത്യകാരന്റെ ശക്തി സമ്പൂർണ്ണമായി അറിഞ്ഞവരല്ലെന്ന് ഞാനെഴുതിയാൽ അതു വായിക്കാത്തവരോട് എനിക്കു ബഹുമാനക്കുറവൊന്നുമില്ല. ആ കഥയുടെ അസാധാരണമായ ശക്തിയിലേക്കു കൈ ചൂണ്ടാനേ എനിക്കു ലക്ഷ്യമുള്ളു.

ഇരുപത്തിനാലു വയസ്സുള്ള ആ ചെറുപ്പക്കാരൻ അന്നും ആ തീവണ്ടിയിൽ കയറി. തീവണ്ടി തിരിക്കുന്ന സമയം അഞ്ച് അമ്പത്. ചെന്നെത്തുന്നത് ഏഴ് ഇരുപത്തിയേഴിന്. ഒരു സെമിനാറിൽ പങ്കെടുക്കാൻ അയാൾ സർവകലാശാലയിലേക്കു പോകുകയാണ്. ഒരു ചെറിയ തുരംഗമുണ്ട് യാത്രയ്ക്കിടയിൽ. തീവണ്ടി വലിയ വേഗത്തിൽ പോകുന്നതുകൊണ്ട് ഇരുട്ടിലൂടെയുള്ള യാത്ര കുറച്ചുനേരത്തേക്കു മാത്രം. പക്ഷേ അന്നു തുരംഗത്തിലൂടെയുള്ള യാത്രയ്ക്കു വിരാമമില്ലെന്നു തോന്നി. തീവണ്ടി മാറിപ്പോയോ എന്നാണ് യുവാവിന്റെ സംശയം. റ്റിക്കറ്റ് പരിശോധിക്കാൻ വന്ന ഉദ്യോഗസ്ഥൻ ആ സംശയത്തെ ദൂരീകരിച്ചു. "But the gentleman is on the right train" എന്നാണ് അയാൾ പറഞ്ഞത്. തുരംഗത്തിലൂടെ വളരെ നേരമായി തീവണ്ടി ചലനം കൊള്ളുകയാണെന്ന് ചെറുപ്പക്കാരൻ അറിയിച്ചപ്പോൾ ആ ഉദ്യോഗസ്ഥൻ മറുപടി നൽകി. ശീതക്കാലാവസ്ഥയാകാമിത്. കൊടുങ്കാറ്റ്. അതുകൊണ്ടാണ് ഈ ഇരുട്ട്. ഓരോ കാതിലും പഞ്ഞി വച്ചിട്ടുണ്ട് യുവാവ്. അതു കാതുകളിൽ തിരുകിക്കയറ്റിയതിനുശേഷം അയാൾ പ്രധാനപ്പെട്ട ഉദ്യോഗസ്ഥന്റെ അടുത്തേക്കു പോയി. തീവണ്ടിയുടെ വേഗം കൂടിക്കൂടി വരുന്നു. ഇത്രയും ദൂരമുള്ള ഒരു തുരംഗം താൻ പതിവായി സഞ്ചരിക്കുന്ന മാർഗ്ഗത്തിൽ ഇല്ലെന്ന് അയാൾ ആ ഉദ്യോഗസ്ഥനോടു പരാതിയായി പറഞ്ഞു. തുരംഗത്തിനു അവസാനമില്ല എന്നതു സമ്മതിച്ചിട്ട് തനിക്കൊന്നും അറിയിക്കാനില്ലെന്നാണ് അയാൾ ചെറുപ്പക്കാരനോടു പറഞ്ഞത്. മണിക്കൂറിൽ അറുപത്തിയഞ്ചു മൈലിൽ കൂടുതലായി ആ തീവണ്ടി പോയിട്ടേയില്ല. ഇപ്പോൾ നൂറ്റിയഞ്ചു മൈൽ വേഗത്തിലാണ് അതു പോകുന്നത്. അതും താഴോട്ട്. എഞ്ചിൻ കാബിനിലേക്കു നോക്കി യുവാവ്. ഡ്രൈവർ തീവണ്ടിയിൽ നിന്നു ചാടി രക്ഷപ്പെട്ടിരിക്കുന്നു. നൂറ്റിമുപ്പതായി വേഗം. ട്രെയിൻ താഴോട്ടു പോകുന്നു. ഭൂമിയുടെ അന്തർഭാഗത്തേക്കോ? അതേ. ഭീതിദമായ യാത്ര. കണ്ണാടിച്ചില്ലുകളും ലോഹച്ചില്ലുകളും യുവാവിന്റെ ശരീരത്തിൽ വന്നു തറച്ചു. ശക്തിയായി കാറ്റ് അയാളുടെ കാതുകളിലെ പഞ്ഞിക്കഷണങ്ങളെ വലിച്ചെടുത്ത് അമ്പുകളായി മുകളിലേക്ക് അയച്ചു. 'ഒന്നുമില്ല. ഈശ്വരൻ നമ്മെ വീഴ്ത്തുകയാണ്. നമ്മൾ അദ്ദേഹത്തെ കാണും ഇപ്പോൾ' എന്നാണ് യുവാവ് പറഞ്ഞത്. കഥ ഇവിടെ അവസാനിക്കുന്നു. പ്രത്യക്ഷസത്യങ്ങൾ എന്നു നമുക്കു തോന്നുന്നവയെ രൂപപരിവർത്തനത്തിലൂടെ ചിത്രീകരിച്ച് മനുഷ്യജീവിതത്തിന്റെ ദുരന്തസ്വഭാവത്തെ കാണിച്ചു തരികയാണ് ഡൂറൻമാറ്റ്.


ഡൂറൻമാറ്റ്

ഇനി ശ്രീ. ജോർജ് ജോസഫ് കെ. മലയാളം വാരികയിൽ എഴുതിയ 'വിസ്മയ ജാലകങ്ങൾ' എന്ന ചെറുകഥ വായിച്ചു നോക്കുക. ഡൂറൻമാറ്റിന്റെ കഥയുടെ അനുകരണമാണ് ജോർജ് ജോസഫ് കെയുടെ കഥയെന്ന് എനിക്കഭിപ്രായമില്ല. അദ്ദേഹം സ്വിസ് കഥ വായിച്ചിരിക്കുകയുമില്ല. കഥയുടെ ഇംഗ്ലീഷ് തർജ്ജമ വായിക്കുമ്പോൾ നമുക്കു ഭയമുണ്ടാകുന്നു. അനിയന്ത്രിതവും ഭയോത്പാദകവുമായ ലോകത്തെയാണ് ഡൂറൻമാറ്റ് തീവണ്ടിയായി ചിത്രീകരിക്കുന്നത്. അതിൽ മനുഷ്യനെത്ര നിസ്സാരൻ എന്ന തോന്നൽ രചനാപാടവും കൊണ്ട് അനായാസമായി ജനിപ്പിക്കുന്നു ഡൂറൻമാറ്റ്. ഡ്രൈവറില്ലാതെ "ഇരുട്ടിന്റെ തുരങ്ക"ത്തിലൂടെ പായുന്ന തീവണ്ടിയിലിരിക്കുന്ന ഒരുത്തന്റെ അനുഭവത്തെ ആവിഷ്കരിക്കാൻ ശ്രമിക്കുന്ന ജോസഫ് കെയുടെ കഥ തികഞ്ഞ പരാജയമാണ്. അതിൽ നിന്ന് ഒരനുഭൂതിയും വായനക്കാരന് കിട്ടുന്നില്ല. കുറെ വാക്കുകൾ കൊണ്ട് കളിക്കുന്നതേയുള്ളു ജോസഫ് കെ. അതുമാത്രമല്ല അനുഭൂതിരഹിതങ്ങളായ ജോസഫ് കെ. കഥകൾക്കു അന്യദേശോദ്ഭവ സ്വഭാവവുമുണ്ട്. കേരളീയനായ എഴുത്തുകാരന്റെ ജീവരക്തത്തിൽ അലിഞ്ഞുചേർന്ന ആശയങ്ങളല്ല അദ്ദേഹത്തിന്റെ രചനകളിലുള്ളത്. വിദേശത്തുള്ള കഥാരൂപത്തിൽ കുറേ വിദേശാശയങ്ങൾ കുത്തിനിറയ്ക്കുന്നതേയുള്ളു അദ്ദേഹം. മലയാള കഥയ്ക്കു നമ്മുടെ മണ്ണിന്റെ മണം വേണം. ആ മണത്തോടു കൂടിയ കഥയ്ക്കു സാർവജനീന സ്വഭാവവും വരണം. ഇതൊന്നും ജോസഫ് കെയുടെ രചനകളിൽ ഇല്ലേയില്ല.

□

## എം. കൃഷ്ണൻ നായർ


തിരുവനന്തപുരത്ത് വി. കെ. മാധവൻ പിള്ളയുടെയും ശാരദാമ്മയുടെയും മകനായി 1923 മാർച്ച് 3-ന ശ്രീ എം. കൃഷ്ണൻ നായർ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിന ശേഷം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിൽ നിന്ന് മലയാളത്തിൽ ബിരുദാനന്തര ബിരുദം നേടി. പഠനത്തിന ശേഷം മലയാള സാഹിത്യാധ്യാപകനായി അദ്ദേഹം പല കലാലയങ്ങളിലും സേവനം അനുഷ്ഠിച്ചു. എറണാകുളം മഹാരാജാസ് കോളജിൽ നിന്ന മലയാള വിഭാഗം തലവനായി വിരമിച്ചു.

## സാഹിത്യവാരഫലം



36 വർഷത്തോളം തുടർച്ചയായി അദ്ദേഹം എഴുതിയ (1969 മുതൽ മരണത്തിന ഒരാഴ്ച മുൻപു വരെ) സാഹിത്യവാരഫലം ഒരുപക്ഷേ ലോകത്തിലെ തന്നെ ഏറ്റവും കൂടുതൽ കാലം പ്രസിദ്ധീകരിച്ച സാഹിത്യ പംക്തി ആയിരിക്കും. മലയാളനാട് വാരികയിലാണ് അദ്ദേഹം തന്റെ പംക്തി എഴുതിത്തുടങ്ങിയത്. മലയാളനാട് നിന്നുപോയതിന ശേഷം കലാകൗമുദി ആഴ്ചപ്പതിപ്പിലും അതിന ശേഷം സമകാലിക മലയാളം വാരികയിലും സാഹിത്യ വാരഫലം പ്രസിദ്ധീകരിച്ചു. ലോകസാഹിത്യത്തിൽ അഗാധമായ അറിവുണ്ടായിരുന്ന അദ്ദേഹം തെക്കേ അമേരിക്ക മുതൽ യൂറോപ്പ വരെയും, ആഫ്രിക്ക മുതൽ ജപ്പാൻ വരെയുമുള്ള എഴുത്തുകാരെ കേരളത്തിലെ വായനക്കാർക്ക പരിചയപ്പെടുത്തി. പാവ്ലോ നെരൂദ, മാർക്വേസ്, തോമസ് മാൻ, യസുനാരി കവബാത്ത തുടങ്ങിയ വിശ്വസാഹിത്യകാരന്മാരെ മലയാളികളുടെ വായനാമേശയിൽ എത്തിക്കുന്നതിൽ കൃഷ്ണൻ നായരുടെ പങ്കു ചെറുതല്ല.

സൗമ്യസ്വഭാവിയും ശാന്തനും ആതിഥ്യമര്യാദക്കാരനുമായിരുന്ന കൃഷ്ണൻ നായർ സാഹിത്യ വിമർശനത്തിൽ കർശനമായ മാനദണ്ഡങ്ങൾ അവലംബിച്ചു. രചിതാവിന്റെ പേരും പ്രശസ്തിയും അദ്ദേഹത്തിന് പ്രശ്നമായിരുന്നില്ല. കലാപരമായി ഔന്നത്യമുള്ള രചനകൾ മാത്രമാണ് സാഹിത്യമെന്നും മറ്റെല്ലാം വ്യർത്ഥവ്യായാമങ്ങളാണെന്നും അദ്ദേഹം ഉറച്ചു വിശ്വസിച്ചു. സ്വന്തം ലേഖനങ്ങളെപ്പോലും 'സാഹിത്യ പത്രപ്രവർത്തനത്തിന്റെയും ഏഷണിയുടെയും ഒരു അവിയൽ' എന്ന വിശേഷിപ്പിച്ച അദ്ദേഹം അനുബന്ധമായി, 'അതുകൊണ്ടാണല്ലൊ, ചുമട്ടുതൊഴിലാളികൾവരെയും 35 വർഷമായി സാഹിത്യ വാരഫലം വായിക്കുന്നത്' എന്നും കൂട്ടിച്ചേർത്തു. രസകരമായ രചനാശൈലിയും കറിക്ക കൊള്ളുന്ന നർമവും മലയാളികളുടെ ജീവിത ശൈലിയെക്കുറിച്ചുള്ള നിശിതവും ഹാസ്യാത്മകവുമായ നിരീക്ഷണങ്ങളും സാഹിത്യ വാരഫലത്തെ വായനക്കാർക്കു പ്രിയങ്കരമാക്കി.




1995 ജൂൺ 25-ന് കലാകൗമുദി പ്രസിദ്ധീകരിച്ച കത്ത്.

അതിഗഹനമായ വായനയുടെ ഉടമയായിരുന്ന കൃഷ്ണൻ നായർ. ഓട്ടോറിക്ഷാ ഡ്രൈവർമാർ മുതൽ കോളേജ് പ്രൊഫസർമാർ വരെയും നവകവികൾ മുതൽ വിദ്യാർത്ഥികൾ വരെയും സാഹിത്യവാരഫലത്തിന്റെ പുതിയ ലക്കങ്ങൾക്കുവേണ്ടി കാത്തിരുന്നു. മലയാളസാഹിത്യത്തിൽ മൗലികതയുള്ള എഴുത്തുകാർ ഇല്ലെന്നും ടോൾസ്റ്റോയിയും തോമസ് മാനുമായി താരതമ്യപ്പെടുത്തുമ്പോൾ മലയാള സാഹിത്യകാരന്മാർ ബഹുദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു എന്ന് അദ്ദേഹം വിശ്വസിച്ചു.

തിരുവനന്തപുരത്തെ സായാഹ്ന നടത്തക്കാർക്ക് പരിചിതനായിരുന്നു കൃഷ്ണൻ നായർ. ഇന്ത്യൻ കോഫി ഹൌസിലെ പതിവുകാരനായിരുന്ന അദ്ദേഹം തിരുവനന്തപുരത്തെ മോഡേൺ ബുക്ക് സെന്ററിൽ സ്ഥിരം സന്ദർശകനും ഉപയുക്താവുമായിരുന്നു. സാഹിത്യരംഗത്തെ സേവനങ്ങൾക്ക് അദ്ദേഹത്തിന ജി. കെ. ഗോയെങ്ക പുരസ്കാരം ലഭിച്ചു. കേരള യൂണിവേഴ്സിറ്റി ലൈബ്രറി അദ്ദേഹത്തിന്റെ രചനകൾക്കായി ഒരു പ്രദർശനം നടത്തി. അദ്ദേഹത്തിന്റെ ആദ്യ കാല ഉപന്യാസങ്ങളായ 'സ്വപ്നമണ്ഡലം' (1976), സൗന്ദര്യത്തിന്റെ സന്നിധാനത്തിൽ (1977), ചിത്രശലഭങ്ങൾ പറക്കുന്നു (1979), സാഹിത്യവാരഫലത്തിന്റെ ആദ്യ പ്രതികൾ തുടങ്ങിയവ ഈ പ്രദർശനത്തിൽ ഉൾക്കൊള്ളിച്ചിരുന്നു.

ഫെബ്രുവരി 23, 2006-ൽ തിരുവനന്തപുരത്തെ ഒരു സ്വകാര്യ ആശുപത്രിയിൽ കൃഷ്ണൻ നായർ അന്തരിച്ചു. ന്യൂമോണിയയും ഹൃദയത്തിലെ രക്തതടസ്സവുമായിരുന്നു മരണ കാരണം.

(ഈ ജീവചരിത്രക്കുറിപ്പിനും വാരഫലത്തിലെ ചിത്രങ്ങൾക്കും വിക്കിപ്പീഡിയയോട് കടപ്പാട്.)

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014